# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 264* 11/12/2014 ൽ മറുപടിക്ക്

## ഭിന്നശേഷിയുള്ള കുട്ടികൾക്ക് റിസോഴ്സസ് സെന്ററുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.റ്റി.എൻ പ്രതാപൻ<br>ശ്രീ.ബെന്നി ബെഹനാൻ<br>ശ്രീ.പാലോട് രവി<br>,, തേറമ്പിൽ രാമകൃഷ്ണൻ | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ | ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കൂളുകൾ കേന്ദ്രമാക്കി റിസോഴ്സ സ് സെന്ററുകൾ ആരംഭിക്കുന്ന പദ്ധതി രൂപീകരിച്ചിട്ടു ണ്ടോ; വിശദമാക്കുമോ; | എ | സർവ ശിക്ഷാ അഭിയാന്റെ സംയോജിത വിദ്യാഭ്യാസ പദ്ധതി പ്രകാരം ബ്ലോക്ക് റിസോഴ്സ് സെന്ററുകൾ / സി.ആർ.സികൾ കേന്ദ്രീകരിച്ചാണ് റിസോഴ്സ സ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നത്. |
| ബി | പ്രസ്തുത പദ്ധതി മുഖേന എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശി ക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാ ക്കാമോ ; | ബി | സർവ ശിക്ഷാ അഭിയാൻ സംയാജിത വിദ്യാഭ്യാസ പദ്ധതിപ്രകാരം ഭിന്ന ശേഷിയുള്ള കുട്ടികൾക്ക് കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ സാധാരണകുട്ടികൾക്കൊപ്പം വിദ്യാഭ്യാസം ഉറപ്പുവരുത്തുകയും, മുഖ്യധാരാ വിദ്യാഭ്യാസത്തിന്റെ മേൻമകളെക്കുറിച്ച് സമൂഹത്തെ ബോധവൽക്കരി ക്കുകയും, ഭിന്നശേഷിയുള്ള കുട്ടികളുടെ രക്ഷർത്താക്കൾക്കും അവരെ പഠിപ്പിക്കുന്ന അധ്യാപകർക്കും പഠന പ്രവർത്തനങ്ങളിൽ ആവശ്യമായ പിന്തുണ നൽകുകയും, വൈകല്യം ലഘൂകരിക്കുന്നതിനുള്ള ഉപകരണങ്ങൾ ലഭ്യമാക്കുക തുടങ്ങിയ പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നത്. |
| സി | പ്രസ്തുത വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ വിദ്യാഭ്യാസ പുരോഗതി, ശാരീരികവും മാനസികവുമായ ആരോഗ്യം എന്നിവ ഉറപ് | സി | ബ്ലോക്ക് റിസോഴ്സ് സെന്ററുകൾ കേന്ദ്രീകരിച്ച് പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളെ പഠിപ്പിക്കുന്നതിനായി പ്രത്യേക പരിശീലനം ലഭിച്ച അധ്യാപകർ ടി കുട്ടികൾക്ക് റെമഡിയൽ ക്ലാസുകൾ, |

| | | |
|---|---|---|
| | വരുത്തുന്നതിന് പ്രസ്തുത പദ്ധതിയിൽ എന്തെല്ലാം ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ; | രക്ഷിതാക്കൾക്കായി ബോധവൽക്കരണ ക്ലാസുകൾ, സ്പീച്ച് തെറാപ്പി, ഫിസിയോതെറാപ്പി ക്ലാസുകൾ, തുടങ്ങിയവയും ഓട്ടിസം സെറിബൽ പാൾസി തുടങ്ങിയ കുട്ടികളുടെ പരിശീലനത്തിനായി ഓട്ടിസം സെന്ററുകളും പ്രവർത്തിച്ചുവരുന്നു. ടി കുട്ടികളുടെ വൈ ക കല്യം ലഘൂകരിക്കുന്നതിനായുള്ള ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിലേക്കായി ബി.ആർ.സികൾ കേന്ദ്രീകരിച്ചും വിദഗ്ദ്ധ ഡോക്ടറുടെ നേതൃത്വത്തിൽ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുകയും ഡോക്ടർമാർ നിർദ്ദേശിക്കുന്ന ഉപകരണങ്ങൾ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ജില്ലകൾ കേന്ദ്രീകരിച്ച് വാങ്ങി നൽകിവരികയും ചെയ്യുന്നു |
| ഡി | ഇതിനായി എന്തെല്ലാം നടപടികൾ ഡി സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കായി ബി.ആർ.സികൾ/സി.ആർ.സികൾ കേന്ദ്രീകരിച്ച് ശനിയാഴ്ചകളിൽ പരിഹാര ബോധന ക്ലാസുകൾ കുട്ടികളെ പരിശീലിപ്പിക്കുന്നതിനായി പ്രത്യേക പരിശീലനം ലഭിച്ച റിസോഴ്സ് അധ്യാപകർ നടത്തിവരുന്നു. സ്പീച്ച് തെറാപ്പി, ഫിസിയോതെറാപ്പി തുടങ്ങിയവയ്ക്കുള്ള പരിശീലനം ആഴ്ചയിൽ ഒരു ദിവസം നടത്തിവരുന്നു. ടി കുട്ടികളുടെ രക്ഷകർത്താക്കൾക്കായി ബോധവൽക്കരണ ക്ലാസുകൾ, ഭിന്നശേഷിയുള്ള കുട്ടികളേയും സാധാരണ കുട്ടികളേയും പങ്കെടുപ്പിച്ച് സഹവാസ ക്യാമ്പുകളും, ലോകവികലാംദിനാചരണം തുടങ്ങിയ ദിനാചരണങ്ങൾ പൊതുജന പങ്കാളിത്തത്തോടെ നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ